**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2149 — 04.11.2019 ൽ മറുപടിക്ക്

**മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം<br><br>ശ്രീ.ഐ.ബി. സതീഷ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ; എങ്കിൽ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ നേമം ബ്ലോക്ക് പഞ്ചായത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലാണ് മലയിൻകീഴ് താലൂക്കാശുപത്രി പ്രവർത്തിച്ച് വരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി മലയിൻകീഴ് സി.എച്ച്.സി.യെ 2018 ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. 20 വാർഡുകളുള്ള ടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 38781 ആണ്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ടി താലൂക്കാശുപത്രി ഒഴികെ മറ്റ് സി.എച്ച്.സി.യോ പി.എച്ച്.സി.യോ പ്രവർത്തിക്കുന്നില്ല. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

Hari

സെക്ഷൻ ഓഫീസർ